പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3400      11.5.2017 -ൽ മറുപടിയ്ക്ക്

## മദ്യശാലകളും ടൂറിസവും

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. എൻ. ഷംസുദ്ദീൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | മദ്യശാലകളുടെ കുറവും മദ്യോപയോഗത്തിലെ നിയന്ത്രണങ്ങളും, ടൂറിസം വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്ന അഭിപ്രായത്തെക്കുറിച്ച് വ്യക്തമാക്കുമോ ; | എ) യും ബി) യും | മദ്യശാലകളുടെ കുറവും മദ്യോപയോഗത്തിലെ നിയന്ത്രണങ്ങളും, ടൂറിസം വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്ന അഭിപ്രായത്തെക്കുറിച്ച് ഒരു പഠനം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് "Trade Research Survey 2016" എന്ന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി. |
| ബി) | എങ്കിൽ അത്തരമൊരു അഭിപ്രായരൂപീകരണത്തിലേക്ക് നയിച്ച വസ്തുതകൾ വിശദമാക്കുമോ; | | |
| സി) | സമ്പൂർണ്ണ മദ്യനിരോധനമേർപ്പെടുത്തിയ ബീഹാറിൽ വിനോദസഞ്ചാരികളുടെ എണ്ണം കൂടിയെന്നും, വരുമാനചോർച്ച ഉണ്ടായില്ലെന്നുമുള്ള ടി സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ പൊതുജനതാല്പര്യാർത്ഥം ബീഹാറിൽ ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് പഠിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ